**May: 07**

# KGBEU OU ബുള്ളറ്റിൻ 23/2022

സഖാക്കളെ,

**വിഷയം: OAST KGBEU OU പ്രതിഷേധം**
**OAST റിലീവിംഗ് ഡേറ്റ് മാറ്റി വച്ചു**

നിരവധിയായ അനോമലികൾ ചൂണ്ടിക്കാട്ടിയിട്ടും ചർച്ച നടത്താൻ തയ്യാറാവാതെ, ജീവനക്കാർക്ക് ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യാൻ പോലും സമയം അനുവദിക്കാതെ ഏകപക്ഷീയമായി റിലീവിംഗ് ഡേറ്റ് തീരുമാനിച്ചത് ജീവനക്കാരിൽ വലിയ ആശങ്ക ഉളവാക്കിയിരുന്നു. ആവശ്യമായ സമയം നൽകണമെന്ന് HR GM, CM എന്നിവരോട് നാം ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മാനേജ്മെന്റ് അതിന് തയ്യാറായില്ല. തുടർന്ന് അനുകൂലമായ തീരുമാനം ഉണ്ടാക്കുന്നതിന് ജനറൽ സെക്രട്ടറിമാർ GM ന്റെ ക്യാബിനിൽ കുത്തിയിരിപ്പ് സമരം നടത്താൻ തീരുമാനിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ജനറൽ മാനേജരുടെ ക്യാബിനിൽ ന്യായമായ ആവശ്യങ്ങൾ ഉയർത്തി ജനറൽ സെക്രട്ടറിമാർ ഇരിക്കാൻ തുടങ്ങി. ഉച്ചയ്ക്ക് 12 മണിക്ക്, തൊട്ടടുത്ത ദിവസം റിലീവ് ചെയ്യണം എന്ന തരത്തിൽ ഇറക്കിയ ഉത്തരവ് പിൻവലിക്കണം എന്നും, OAST ട്രാൻസ്ഫറിന്മേലുള്ള അനോമലികൾ, ഗ്രീവൻസുകൾ എന്നിവ പൂർണമായും ചർച്ച ചെയ്ത് ഉടൻ മോഡിഫിക്കേഷൻ ഇറക്കണമെന്നും അതിന് ശേഷമുള്ള ഡേറ്റിൽ മാത്രമേ റിലീവിംഗ് അനുവദിക്കുകയുള്ളൂ എന്നും നാം ജനറൽ മാനേജരോട് പറഞ്ഞു. ഇതിന്മേൽ അനുകൂലമായ തീരുമാനം ഉണ്ടാവാതെ ക്യാബിൻ വിട്ടു പോകില്ല എന്നും അദ്ദേഹത്തെ അറിയിച്ചു. തുടർന്ന് 5 മണി കഴിഞ്ഞതോടു കൂടി മലപ്പുറം, കോഴിക്കോട്, തൃശൂർ എന്നിവിടങ്ങളിൽ നിന്നും സംഘടനാ നേതാക്കന്മാർ ഹെഡ് ഓഫീസിലേക്ക് എത്തിച്ചേർന്നു.

കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെട്ട ജനറൽ മാനേജർ ശ്രീ സിദ്ധാർത്ഥൻ, ചെയർമാനുമായും അവധിയിലുള്ള HR GM മായും ഫോണിൽ സംസാരിച്ചു.

അതിന് ശേഷം ജനറൽ സെക്രട്ടറിമാരോട് HR GM നെ വിളിച്ചു സംസാരിക്കാൻ അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു. സംഘടന രണ്ട് തവണ ആവശ്യപ്പെട്ടിട്ടും പരിഗണിക്കാൻ കൂട്ടാക്കാതിരുന്ന ഈ ആവശ്യത്തിനായി സംഘടന വീണ്ടും HR GM നെ വിളിക്കാൻ തയ്യാറല്ല എന്നും അദ്ദേഹം സംഘടനയെ ബന്ധപ്പെടുകയാണ് വേണ്ടതെന്നും നാം നിലപാടെടുത്തു. തുടർന്ന് HR GM ജനറൽ സെക്രട്ടറിയെ ഫോണിൽ ബന്ധപ്പെടുകയും റിലീവിംഗ് ഡേറ്റ് on or before 13th May എന്നാക്കാമെന്നും 16 ന് join ചെയ്യേണ്ടി വരുമെന്നും നമ്മെ അറിയിച്ചു. ഇതിന് സംഘടന തയ്യാറായിരുന്നില്ല. അനധികൃതമായി ട്രാൻസ്ഫർ ലഭിച്ചവർ തൊട്ടടുത്ത ദിവസം

റിലീവ് ചെയ്യുകയാണെങ്കിൽ അത് ബുദ്ധിമുട്ടാകും എന്നതിനാലാണ് നമുക്ക് സമ്മതിക്കാൻ കഴിയാതിരുന്നത്. റിലീവിംഗ് ഡേറ്റ് മെയ് 13 എന്ന് വെക്കുന്നതിൽ നമുക്ക് എതിർപ്പില്ല എന്നും നാളെ വിശദമായി ചർച്ച ചെയ്ത് ചൊവ്വാഴ്ചയ്ക്കകം മോഡിഫിക്കേഷൻ ലിസ്റ്റ് ഇറക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം അതിന് നമുക്ക് സമ്മതമാണെന്നും നാം അറിയിച്ചു.

ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ചില പ്രത്യേക വിഭാഗത്തിന് നൽകിയ അനധികൃത സൗകര്യം ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചു കൊണ്ട് നാം സംസാരിക്കുകയും അത്തരം ട്രാൻസ് ഫറുകൾ പിൻവലിക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തു.

തുടർന്ന് നാം ആവശ്യപ്പെട്ടത് പ്രകാരം ട്രാൻസ്ഫറിന്മേൽ നാളെ വിശദമായ ചർച്ച നടത്താമെന്നും ചൊവ്വാഴ്ചയ്ക്കകം മോഡിഫിക്കേഷൻ ഇറക്കാമെന്നും മെയ് 13 ന് OAST റിലീവിംഗ് നടത്താമെന്നും മാനേജ്മെന്റ് സമ്മതിക്കുകയും ചെയ്തു. രാത്രി 8:30 മണിയോടു കൂടി ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുത്ത ശേഷം മുദ്രാവാക്യത്തിന്റെ അകമ്പടിയോടെ ഹെഡ് ഓഫീസിൽ നിന്നും പുറത്തിറങ്ങിയ സമരസഖാക്കളോട് സഖാവ് സി രാജീവൻ ചർച്ചയിലെ കാര്യങ്ങൾ വിശദീകരിച്ചു കൊണ്ട് സമര പരിപാടികൾ താൽക്കാലികമായി അവസാനിപ്പിച്ചു.

സഖാക്കളെ, ഇത് നമ്മുടെ കൂട്ടായ്മയുടെ വിജയമാണ്. മുഖം നോക്കാതെ മുഴുവൻ ജീവനക്കാരെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടു പോകാൻ മാനേജ്മെന്റ് പഠിക്കേണ്ടിയിരിക്കുന്നു. അതിനായി നമുക്ക് ഇനിയും ഈ സംഘടിത ഐക്യത്തിന് ശക്തി പകരേതുണ്ട്. ഇത് ഇവിടം കൊണ്ട് അവസാനിക്കണം എന്നില്ല. നൽകിയ ഉറപ്പുകൾ പാലിക്കാൻ മാനേജ്മെന്റ് തയ്യാറാവുന്നില്ലെങ്കിൽ ഇതിനേക്കാൾ വലിയ പ്രക്ഷോഭത്തിലേക്ക് നമുക്ക് കടക്കേണ്ടതായി വന്നേക്കാം.

**💪 നേരും നെറിയും കെട്ട മേലാളരെ**
**💪 നേരായ മാർഗ്ഗങ്ങൾ സ്വീകരിപ്പിച്ചവർ**
**💪 ഞങ്ങൾ ഗ്രാമീണബാങ്കിലെ ജീവനക്കാർ**

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ